**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4491** **18-03-2025 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഭഗവതി ദേവസ്വത്തിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഭഗവതി ദേവസ്വത്തിന്റെ ഭൂമിയെ സംബന്ധിച്ച് പരിസരവാസികൾ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഭഗവതി ദേവസ്വത്തിന്റെ ഭൂമിയെ സംബന്ധിച്ച് 21.11.2024 ൽ പരിസരവാസികൾ സമർപ്പിച്ച പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് അയച്ചുകൊടുത്തിരുന്നു.<br><br>പ്രസ്തുത പരാതി സംബന്ധിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് കൺട്രോൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ തഹസിൽദാരെ ക്ഷേത്രഭൂമി സംബന്ധിച്ച പരാതി അന്വേഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്നെങ്കിലും കേരള ഭൂസംരക്ഷണനിയമപ്രകാരം കൺട്രോളിംഗ് സ്ഥാപനങ്ങളുടെ ഭൂമി അളക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ ഓഫീസിന് സാധിക്കുകയില്ലെന്ന നിയമോപദേശത്തെ തുടർന്ന് നായരമ്പലം ഭഗവതി ദേവസ്വത്തിന്റെ ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിന് ലോക്കൽ തഹസിൽദാർ മുഖേന നടപടി സ്വീകരിക്കാൻ നായരമ്പലം ദേവസ്വം ഭാരവാഹികൾക്ക് കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്ന് നിർദേശം നൽകിയിരുന്നു.<br><br>എന്നാൽ നായരമ്പലം ദേവസ്വത്തിന്റെ കൈവശമുള്ള സ്ഥലങ്ങളുടെ അളവുകൾ 25.08.2007 ന് കൊച്ചിൻ ദേവസ്വം ബോർഡിലേയ്ക്കയച്ചിട്ടുള്ളതാണെന്നും ഇതിൽനിന്നും വ്യത്യസ്തമായി യാതൊരു വിധത്തിലുള്ള ഭൂക്രയവിക്രയങ്ങളും നടത്തിയിട്ടില്ലാത്തതുമാണെന്നും ഭീമമായ സംഖ്യ ചെലവഴിച്ച് വീണ്ടും ഭൂമി അളക്കുന്നത് പ്രായോഗികമല്ലെന്നും നായരമ്പലം ദേവസ്വം ഭാരവാഹികൾ കൊച്ചിൻ ദേവസ്വം ബോർഡിനെ അറിയിക്കുകയുണ്ടായി. കൂടാതെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നായരമ്പലം നായർ കരയോഗം ക്ഷേത്രഭൂമി |

| | | | |
|---|---|---|---|
| | | | കൈമാറ്റം ചെയ്തത് ചോദ്യം ചെയ്യാൻ കൊച്ചിൻ ദേവസ്വം ബോർഡിന് അവകാശമില്ലെന്നും ദേവസ്വം പ്രസിഡന്റ് സ്റ്റേറ്റ്മെന്റ് നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് നിയമോപദേശം തേടിയതിൽ പ്രസ്തുത പരാതിയിൽ പറയുന്ന പാട്ടച്ചീട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാട്ടച്ചീട്ട് ദേവസ്വം സ്റ്റാന്റിംഗ് കൗൺസിലിന് നല്കി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഇതു സംബന്ധിച്ച് 27.11.2024-ലെ 9015607/24/MIN. നമ്പർ കത്ത് പ്രകാരം മേൽനടപടികൾക്കായി റവന്യൂ (ദേവസ്വം) സ്പെഷ്യൽ സെക്രട്ടറിക്ക് നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഭഗവതി ദേവസ്വത്തിന്റെ ഭൂമിയെ സംബന്ധിച്ച് 21.11.2024 ൽ പരിസരവാസികൾ സമർപ്പിച്ച പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് അയച്ചുകൊടുത്തിരുന്നു.<br><br>പ്രസ്തുത പരാതി സംബന്ധിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് കൺട്രോൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ തഹസിൽദാരെ ക്ഷേത്രഭൂമി സംബന്ധിച്ച പരാതി അന്വേഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്നെങ്കിലും കേരള ഭൂസംരക്ഷണനിയമപ്രകാരം കൺട്രോളിംഗ് സ്ഥാപനങ്ങളുടെ ഭൂമി അളക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ ഓഫീസിന് സാധിക്കുകയില്ലെന്ന നിയമോപദേശത്തെ തുടർന്ന് നായരമ്പലം ഭഗവതി ദേവസ്വത്തിന്റെ ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിന് ലോക്കൽ തഹസിൽദാർ മുഖേന നടപടി സ്വീകരിക്കാൻ നായരമ്പലം ദേവസ്വം ഭാരവാഹികൾക്ക് കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്ന് നിർദേശം നൽകിയിരുന്നു.<br><br>എന്നാൽ നായരമ്പലം ദേവസ്വത്തിന്റെ കൈവശമുള്ള സ്ഥലങ്ങളുടെ അളവുകൾ 25.08.2007 ന് കൊച്ചിൻ ദേവസ്വം ബോർഡിലേയ്ക്കയച്ചിട്ടുള്ളതാണെന്നും ഇതിൽനിന്നും വ്യത്യസ്തമായി യാതൊരു വിധത്തിലുള്ള ഭൂക്രയവിക്രയങ്ങളും നടത്തിയിട്ടില്ലാത്തതുമാണെന്നും ഭീമമായ സംഖ്യ ചെലവഴിച്ച് വീണ്ടും ഭൂമി അളക്കുന്നത് പ്രായോഗികമല്ലെന്നും നായരമ്പലം ദേവസ്വം ഭാരവാഹികൾ കൊച്ചിൻ ദേവസ്വം ബോർഡിനെ അറിയിക്കുകയുണ്ടായി. കൂടാതെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നായരമ്പലം നായർ കരയോഗം ക്ഷേത്രഭൂമി കൈമാറ്റം ചെയ്തത് ചോദ്യം ചെയ്യാൻ കൊച്ചിൻ ദേവസ്വം ബോർഡിന് അവകാശമില്ലെന്നും ദേവസ്വം പ്രസിഡന്റ് സ്റ്റേറ്റ്മെന്റ് നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് നിയമോപദേശം തേടിയതിൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | പരാതിയിൽ പറയുന്ന പാട്ടച്ചീട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാട്ടച്ചീട്ട് ദേവസ്വം സ്റ്റാന്റിംഗ് കൗൺസിലിന് നല്കി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ